Streetplay - ഒരു മറുപടി കഥ
- written by Harsha Haridas

*Standing in the center kai pidich audienceine face cheyth
*Centreil kottunnayal with drums

Narrator 01:മാന്യസദസ്സിന് നമസ്കാരം (Kottunnu)

*Everyone timingil kuninj NAMASKAAARAM parayunnu

*Ellarum kai kotti circle form cheyth mutt kuthy irikunu(Kai kottal video 1 ref)
*Chenda kottunnayaal intro parayunnu

Narrator 01:
*Chenda kottunnayaal intro parayunn

സമൂഹത്തിന്റെ തിട്ടപ്പെടുത്തിയ അളവ് കോലിലൊന്നും അളെന്നെടുക്കാൻ പറ്റാതിരുന്നവരുടെ കഥ...
(കൊട്ട്)
അതിന്റെ പേരിൽ നീ കളിയാക്കി മാറ്റി നിർത്തിയവരുടെ കഥ...
കൊലയ്ക്ക് കൊടുത്തവരുടെ കഥ...
നിന്റെയും ഞങ്ങളുടെയും കഥ...

(Kott)

Every one except narrator 01:നിന്റെയും ഞങ്ങളുടെയും കഥ

SINGLE KOTT

Every one together with full energy:

"മാനവികതയെ പല മാനദണ്ഡങ്ങൾ കൊണ്ടളന്ന് മുറിച്ചവരോടുള്ള ,
സ്വാതന്ത്ര ഇന്ത്യയ്ക്ക് ശേഷവുമവന്റെ കാലിൽ അദൃശ്യചരട് വലിച്ചവരോടുള്ള ഒരു  മറുപടി കഥ...

Clap cheyth poyit positionsil irikunu
News reporter:
മാന്യപ്രേക്ഷകർക്ക് നമസ്കാരം!!
പ്രധാന വാർത്തകൾ വായിക്കുന്നത് (Name)

കേരളത്തെ ഞെട്ടിക്കുന്ന മറ്റൊരു മരണവാർത്ത കൂടി...

AMALA INSTITUTE OF MEDICAL SCIENCES
THRISSUR-680 555

യൂട്യൂബ് ചാനൽ നോക്കി extreme weight loss diet ഫോളോ ചെയ്ത 18 വയസുകാരിക്ക് anorexia nervosa എന്ന മാനസിക അസുഖത്തെ തുടർന്ന് ദാരുണാന്ത്യം..
കുട്ടി വണ്ണം ഉള്ളതിന്റെ പേരിൽ കടുത്ത ബോഡി shaming പലയിടത്ത് നിന്നായി നേരിട്ടിരുന്നു എന്നാണ് രക്ഷിതാക്കൾ പറയുന്നത്...

(കൊട്ടുന്നു)
റിപ്പോർട്ടർ back to seat)

Chechi 02:Youtube channel avatharika:
Welcome to my youtube channel
"മഞ്ഞക്കിളി(Or something)
ഞാനിപ്പോ നിക്കുന്നത് മാ നവീയം വീഥിയുടെ ഒരു മൂലയ്ക്കാണ്...
നാട് നടുക്കിയ മരണവാർത്ത നമ്മളേവരും കേട്ടിട്ടുണ്ടാവും..
വണ്ണം കൂടിയതിന്റെ പേരിൽ കളിയാക്കലുകൾ നേരിട്ട ഒരു കുട്ടിയുടെ
Anorexia nervosaye തുടർന്നുള്ള മരണ വാർത്ത...
നിങ്ങളെ പോലെ ഞാനും ഇപ്പോഴാണ്
ഈ രോഗത്തെ കേൾക്കുന്നത്
ഈ വിഷയത്തെ പറ്റി നാട്ടുകാർക്ക് എന്താണ് പറയാൻ ഉള്ളതെന്ന് കേൾക്കാൻ വന്നേക്കുവാണ് ഞാൻ...
Let's go.....

(ചുറ്റും ഇരിക്കുന്ന ബാക്കി ഉള്ള ആൾക്കാരെ നോക്കി അങ്ങോട്ട് പോവാം എന്ന ഭാവത്തിൽ ഒരാൾക്ക് അരികിലേക്ക് പോവുന്നു...)

Anchor:ചേച്ചിക്ക് ഇതിനെ പറ്റി എന്താണ് പറയാനുള്ളത്?

(That person standing)

That Chechi:
പിള്ളേരോടുള്ള കരുതലും സ്നേഹോം കൊണ്ടാണ് അളെന്നെടുത്ത പോലെ തടി വെച്ചല്ലോ കറുത്ത് പോയല്ലോന്നൊക്കെ നമ്മള് പറേന്നത്
(Oru kott)
അല്ലാണ്ട് കണ്ട സൂക്കേട് പിടിപ്പിക്കാനല്ല
(Oru kott)...
കലികാലത്തിന്റെ ഓരോരോ കളികളെ...

(തലയ്ക്ക് കൈ വെച്ച് ചേച്ചി സിറ്റിങ്)

(Continuous kott Kottunnu)

(Anchor again looking around and found another one)

Anchor:ചേച്ചിക്ക് ഇതിനെ പറ്റിയുള്ള കാഴ്ചപാട്...

AMALA ... OF MEDICAL SCIENCES ★ THRISSUR-680 555 ★

Chechi 02:ബോഡി shaming നാടിന്റെ ശാപമാണ് എന്നാണ് എന്റെ അഭിപ്രായം
കറുത്തവനെ കളിയാക്കുന്നു, തടിച്ചവനെ കളിയാക്കുന്നു,
മെലിഞ്ഞവനെ കളിയാക്കുന്നു, പൊക്കം കൂടിയവനെ കളിയാക്കുന്നു കുറഞ്ഞവനെ കളിയാക്കുന്നു...
എന്നാണ് ഇതിനൊക്കെ ഒരു മാറ്റം വരുന്നത്?

(കൊട്ടുന്നു)

(ചേച്ചി ഓൺ ഫുൾ പവർ)

Anchor:Thank you ചേച്ചി

(Anchor noticing an another person)

ചേച്ചി 03:(കലാമണ്ഡലം സത്യഭാമ റഫറൻസ്)

Anchor:നാട്ടിൽ നാനാവിധ മേഖലകളിലും കണ്ട് വരുന്ന ഒന്നാണല്ലോ മാഡം ബോഡി shaming കളറിസം ഒക്കെ...
ഒരു നർത്തകി എന്ന നിലയ്ക്ക് മാഡത്തിന്റെ അഭിപ്രായം?

That മാഡം:ഞാൻ അന്നും ഇന്നും ഒന്നേ പറയുന്നുള്ളൂ...
മോഹിനിയാണ് മോഹിനിയാട്ടം കളിക്കേണ്ടത്...
(കൊട്ട്)
തീരെ കറുത്ത കുട്ടികൾക്ക് വല്ലോം സൗന്ദര്യ മത്സരത്തിന് ഫസ്റ്റ് കിട്ടിട്ടുണ്ടോ?
(കൊട്ട്)
കറുത്ത കുട്ടികളെ ഞാൻ നൃത്തം പഠിപ്പിക്കും പക്ഷേ മത്സരത്തിൽ പങ്കെടുക്കണ്ടാന്ന് പറയും!!!

(സത്യഭാമേടെ mannerisms and tone)

(Continuous കൊട്ട്)

The kottukaran again coming to the centre
With continuous kott

Narrator 01:നിന്റെ കൈയ്യിലില്ലേ ഈ അളവ് കോൽ?
(Oru kott)
നീ കളിയാക്കിയില്ലേ അവളെ?
നീ കളിയാക്കിയില്ലേ?
നീളം ഇല്ലെന്ന് പറഞ്ഞ്?
പൊക്കം കൂടുതലാണെന്ന് പറഞ്ഞ്?
വണ്ണത്തിന്റെ പേരിൽ?
പല്ല് പൊങ്ങി എന്ന് പറഞ്ഞ്?
കറുത്തെന്ന് പറഞ്ഞ്?

AMALA INSTITUTE OF MEDICAL SCIENCES THRISSUR-680 555

(Pointing towards different directions)

ഇനിയും തീർന്നിട്ടില്ല നിന്റെ നെറികെട്ട അളവെട്ടപ്പിന്റെ അവശേഷിപ്പുകൾ...

(കൊട്ട്)

And that narrator 01 back to position

Narrator 01 back to position

A boy coming to the scene

(Looking soooo sad)

GIRL:എനിക്ക് വയ്യാ ഇനിം ഇങ്ങനെ...
ജനനം മാത്രം കൊണ്ട് ഞാൻ കടം എടുത്ത ശരീരം പോലെ തോന്നുവാ എനിക്ക്...
അവരെന്നോട് ഇന്നും പറഞ്ഞു പെണ്ണിനെ പോലെ നടക്കാൻ, മിണ്ടാൻ, ഒച്ചയെടുക്കാൻ...

Walking towards the mirror
A BOY coming infront as her mirror image...

Just looking at mirror with a sad or angry face...

*Pott maych kalayunnu
*Kann maykkunu
*Lipstick maykkunu
*kammal oorunu

A bright smile in his and her face

രണ്ട് പേരും കൈ കൊണ്ട് വന്ന് മുഖത്ത് വാത്സല്യത്തോടെ പിടിക്കുന്നു...

അമ്മ entering suddenly
She just cover the mirror
to protect her hidden true face

Amma:ഡീ...
എന്താ നീ കാണിക്കുന്നേ...
പിന്നേം തൊടങ്ങിയോ നിന്റെ കോപ്രായങ്ങള്...
നീയൊരു പെൺ കൊച്ചല്ലേ...
മുടിയും വെട്ടി ആൺവേഷോം കെട്ടി നടക്കുവാ...
നാട്ടുകാരെ കൊണ്ട് ആണും പെണ്ണും കെട്ടവളാന്ന് പറയിപ്പിച്ച് നാണം കെടുത്തുവോ നീ?

AMALA INSTITUTE OF MEDICAL SCIENCES
THRISSUR

(Little bit angry and emotionally)

By that dialogue ആ മിറർ ഇമേജ് girl1 ഇരിക്കുന്നു veshamathode...

അമ്മ പോയപ്പോൾ അവൾ ദീർഘമായി നിശ്വസിച്ച് അവിടെ ഇരിക്കും
Girlinum പുറം-പുറം ആയിട്ട് രണ്ട് പേരും തല കുനിച്ചിരിക്കും...

Boy:എനിക്ക് ആണായാ മതി ഈ ശരീരത്തിൽ നിന്നാരെങ്കിലും എന്നെ ഒന്ന് തുറന്ന് വിട്ടു....
(With high sound)

Back to position

Slowly they back to position

കൊട്ടി കൊണ്ട് narrator 01 to the stage

Narrator 01:
അവൾക്ക് അവളുടെ സ്വത്വം കൊടുക്കാൻ വിസമ്മതിക്കുന്ന നീയല്ലേ വില്ലൻ?
(കൊട്ട്)
ഒൻപത്,ആണും പെണ്ണും കെട്ടവൻ,
എന്തൊക്കെ പേരാ നീയവർക്കൊക്കെ ഇട്ടത്?
(കൊട്ട്)
അവനെ അവളുടെ ശരീരത്തിൽ നിന്നൊന്ന് മോചിപ്പിക്കു....
(നീണ്ട കൊട്ട്)

ഇനിയും തീർന്നിട്ടില്ല നിന്റെ കേളികൾ കാണ്...
(കൊട്ട് and narrator 01 back to position)

Girl coming to the centre and sitting

Girl:ഞാനവരോട് പറഞ്ഞതാ എന്നെ സഹായിക്കാൻ
(Like she is crying)
ആരും...
ആരും എന്നെ ഒന്ന് കേട്ടത് പോലും ഇല്ലാ...

(Another girl coming..
Standing കൊറച്ചൂടെ frontilaayit judgesineface cheythit...
Dialogues paryumbo thirinj avale nokkanam)

Girl2:നിനക്ക് എന്തുണ്ടായിട്ടാ...
എനിക്കും വരാറുണ്ട് ഇടയ്ക്കീ ഡിപ്രെഷൻ ഒക്കെ...
കോളേജിന്ന് അവധിയെടുത്ത് ഒരു യാത്ര ചെയ്ത് പാട്ടൊക്കെ കേട്ടാൽ തീരുവുന്നതെ ഉള്ളൂ ഇതൊക്കെ...

...TITUTE OF MEDICAL SCIENCES ★ THRISSUR-680 555

(Girl 2 arayil kettiya red shawl oru puchachiri or oru krooramaya chiri audienceine face cheyth chirichit thirich povunu)

Girl:നിനക്കും നിനക്കും വരാറുണ്ടോ ഇത് പോലെ
കാതടപ്പിക്കുന്ന നിലവിളികൾ...
ചിലപ്പോ ഉറക്കം പോലും മാറി നിന്ന് കരയുന്ന രാത്രികള്?
ചിലപ്പോ കരച്ചില് പോലും പണി മുടക്കും ;അതാ ഏറ്റവും വലിയ പ്രശ്നം...
ഉള്ളിന്നാരോ മരിക്കാൻ പറയുന്ന പോലെ...

ടീച്ചർ to the front ആദ്യം ഫ്രണ്ട് girl നിന്ന സ്ഥാനത്ത് തന്നെ...

ടീച്ചർ:എന്താ ഇയാൾടെ പ്രശ്നം?
ക്ലാസ്സിലൊന്നും തീരെ ശ്രദ്ധയില്ലല്ലോ?മുഴുവൻ സമയോം ഇങ്ങനെ വിഷമിച്ചിരിക്കാനും മാത്രം ഇയാൾക്കെന്താ പ്രശ്നം?
വീട്ടിലെ ഭാരം മൊത്തോം തന്റെ തലേലാണോ?
അതോ ഇനി പ്രേമ നൈരാശ്യം വല്ലോം ആണോ തന്റെ പ്രശ്നം?
ഏഹ്?

(ടെറർ ടീച്ചർ വൈബ് )
(Then friend ittit poya shawl eduth purakil ninn avalude kazhuthilidnam....
Girl onn njettanam...
Then teacher going back)

(Girl തലയാട്ടി ആർക്കും എന്നെ മനസിലാവുന്നില്ലല്ലോ മട്ടിൽ തല കുനിക്കുന്നു)

അമ്മ to the scene

അമ്മ:നിനക്കവിടെ എന്തിന്റെ കൊറവുണ്ടായിട്ട?
ചോദിക്കുന്നതൊക്കെ നടത്തി തന്നിട്ടില്ലേ ഞാനും നിന്റെ അച്ഛനും...
മനസിന് ഒരു സുഖം ഇല്ലാന്നും പറഞ്ഞ് ഡോക്ടറെ കാണാൻ പോയി നാട്ടുകാരെ കൊണ്ട് ഭ്രാന്താന്ന് പറയിപ്പിക്കാനാണോ നിനക്ക്?
ഏഹ്?

(അമ്മ ഇമോഷണൽ yet ദേഷ്യം കൂടി ആയിട്ട് ഒറക്കെ വേണം ഇതൊക്കെ പറയാൻ)

ഫൈനലി അമ്മയാണ് ഒരു കെട്ട് ആ ഷാളില് കെട്ടുന്നത്...

Girl:ഞാൻ പറഞ്ഞതാ അവരോട് ഒത്തിരി വട്ടം എന്നെ ഒന്ന് സഹായിക്കാൻ പക്ഷെ ആരും ഒന്ന് കേൾക്കാൻ പോലും നിന്നില്ലല്ലോ എന്നെ...
(നല്ല ഇമോഷണലായിട്ട് )
മനസിനോട് മല്ലിട്ട് ഞാൻ മടുത്തു...
ഇപ്പോഴും പറയുവാ ആരോ എല്ലാം മതീന്ന്...
(ആ കെട്ട് മുറുക്കുന്നു മരിച്ച് അവിടെ just കെടക്കുമ്പോ തന്നെ narrator വരണം...)

INSTITUTE OF MEDICAL SCIENCES
THRISSUR-680 555

വന്നിട്ട് അവളെ വെഷമിച്ച് നോക്കി നിന്നിട്ട് അതിൽ നിന്ന് ഉൾകൊള്ളുന്ന സകല ദേഷ്യോം കൊണ്ട് വേണം ഡയലോഗ്സ് പറയാൻ...

Narrator:ഭ്രാന്തിയെന്ന് പഴിച്ചില്ലേ നിങ്ങളവളെ?
ഏത് കാലത്തുണ്ടായ  ഏത് മിഥ്യാ ധാരണയാണ് നിന്നെ ഇതിനൊക്കെ പ്രേരിപ്പിക്കുന്നത്?
അർബുദത്തിനും അപസ്മാരത്തിനും ഇല്ലാത്ത എന്ത് അളവ് കോളിലിട്ടളന്നാണ് നീ അവർക്ക് ചികിത്സ നിഷേധിക്കാൻ കാരണക്കാരനാവുന്നത്...

പൂട്ടി കെട്ടി വെയ്ക്കാൻ പറ്റില്ല  ഒന്നും മറുപടി കഥകൾ "ഉണ്ടായി കൊണ്ടേയിരിക്കും"(stress ചെയ്ത് പറയണം
Since that is the entry to the next story)

Girl ezhunnelkunu rand perum back to siting position

A girl and a boy coming to the centre

With slow steps...
And feel like hearing so many voices around

Those sitting 4 people tell things one by one... The girl and the boy hearing with njettal aayirikanam...

First person:പെൺ പിള്ളേരുടെ ശബ്ദം കട്ടിള പടി വിട്ട് പുറത്ത് പോവാൻ പാടില്ലാന്നാ

Second person:
നീ ഒരു ആൺ കൊച്ചല്ലേ ഇങ്ങനെ കെടന്ന് കരയാതെ..

Third person:നിനക്കി കൈയില്ലാതേം ഇറക്കം ഇല്ലാതേം ഉടുപ്പല്ലാതെ വേറൊന്നും കിട്ടില്ലേ ഇടാൻ?ഇതും ഇട്ട് ഈ അസമയത്ത് പൊറത്ത് ഇറങ്ങീട്ട് അവൻ കേറി പിടിച്ച പീഡിപ്പിച്ചന്ന് പരാതീം കൊണ്ട് വന്നോളും...

Fourth person:
നിനക്കാ മുടിയും താടിയും ഒക്കെ കളഞ്ഞോന്ന് വൃത്തിക്ക് നടന്നൂടെ ചെക്കാ...
നാട്ട്കാര് ഇപ്പഴേ പറയുന്നത് നീ കഞ്ചാവാന്നാ...

Fifth person:ആ പെങ്കൊച്ചിന് പൊക്കം ഇച്ചിരി കൊറവാണെങ്കിലെന്താ?
നല്ല തറവാടികളാ
പിന്നെ നമ്മടെ കൂട്ടരും...

First person:അല്ല മോനെ നീയി പാട്ടാണ് സിനിമയാണ് ഇഷ്ടംന്ന് പറഞ്ഞു നടന്നാലെങ്ങനാ?വല്ല സയൻസും എടുത്ത് പഠിച്ച് വേഗം വല്ല എഞ്ചിനീയറോ ഡോക്ടറോ ആവാൻ നോക്ക്...

AMALA INSTITUTE OF MEDICAL SCIENCES
THRISSUR-680 555

Second person:പത്തിരുപത്തൊന്ന് വയസായില്ലേ...
ഇനി പെണ്ണ് പഠിച്ചിട്ടെന്തിനാ നല്ല ഒരു പയ്യനെ കെട്ടി അവന്റെ കുട്ടികളേം നോക്കി സന്തോഷായി ജീവിക്കാൻ നോക്ക്?

Third: lathaede mon A +

Fourth person:നീ എന്തിനാ അടുക്കള പണിയും തൂക്കലും തൊടക്കലും ഒക്കെ ചെയ്യുന്നേ?
പോയി നിന്റെ ഭാര്യയോട് പറയെടാ...

5th person:പെണ്ണിന് പൊന്നാ അഴക്...
അത് എന്തൊക്കെ പറഞ്ഞാലും അങ്ങനെ തന്നാ...
വീടും സ്ഥലോം പണയം വെച്ചിട്ടാണേലും അവൾക്ക് സ്ത്രീധനം കൊടുക്കാൻ നോക്ക്

(കൊട്ട് വേണം after each ഡയലോഗ്സ്
എല്ലാറ്റിലും boy and girl ഞെട്ടി ചുറ്റും നോക്കണം...)

(സെയിം reaction ബൈ boy walking അങ്ങോട്ടും ഇങ്ങോട്ടും)

(After last ഡയലോഗ് കൊട്ട്
Boy and girl ക്ലോസിങ് their ears and eyes

They both coming near chevi പൊത്തി തന്നെ
രണ്ട് പേരും പുറം തിരിഞ്ഞ് അങ്ങനെ തന്നെ ഇരിക്കുന്നു...

അവരുടെ പുറം തിരിഞ്ഞുള്ള നടത്തത്തിന് കൊട്ട് വേണം...

*Then ചുറ്റും ഇരിക്കുന്ന നാല് പേരും ഇവരുടെ അടുത്തേക്ക് കൈ കൊട്ടി കൊണ്ട് വരുന്നു...
ചുറ്റും കൈ കൊട്ടി കൊണ്ട് തന്നെ കറങ്ങുന്നു...
*കൂടെ ചെണ്ട കൊട്ടണം
*സെൻറിൽ രണ്ട് പേരും ചെവി പൊത്തി പിടിച്ച് താഴോട്ട് നോക്കി ഇരിക്കുന്നു...

ചുറ്റും നടക്കുന്നവർ ഓരോരുത്തരായി പിന്നെയും ഓരോന്ന് പറയുന്നു

കൊട്ട് തുടർന്നു കൊണ്ടേ ഇരിക്കുന്നു

1st:പെണ്ണിന് താലിയാണ് കരുത്ത്..

AMALA INSTITUTE OF MEDICAL SCIENCES
THRISSUR

അവനൊന്ന് തല്ലിന്നൊക്കെ ഇരിക്കും എന്നാലും വിവാഹ മോചനം
ഏഹേ..

2nd:പിള്ളേരൊന്നും ആയില്ലേ?
നിന്റെ ഈ പ്രായത്തില് എനിക്കും ഒക്കത്തും കൈയിലും രണ്ടാ...
(പുച്ഛം)

3rd:പിങ്ക് ആണേൽ പെണ്ണ് നീല ആണേൽ ആണ്...
(ചിരിക്കുന്നു)

4th:കളിപ്പാട്ടം ഏത് വേണം?
ബാർബിയോ അതോ ടോയ് കാറോ...
അവര് കളിച്ച് വളരട്ടെന്ന്!!!
(ചിരി)

5th person: Ninak enthinaadi licence Avan odichollum

പിന്നേം കൈകൊട്ടി എന്തൊക്കെയോ പിറുപിറുക്കുന്ന ശബ്ദം ഉണ്ടാക്കി അവരുടെ ചുറ്റും നടക്കുന്നു...

They both after ഇവരുടെ one കറക്കം അലറുന്നു
Girl:എന്നിലൊരിറ്റ് തുടിപ്പ് ഇപ്പഴും ബാക്കിയുണ്ട് ചുറ്റും മുറവിളി കൂട്ടി നിങ്ങളെന്നെ കൊന്ന് കളയരുത്..
പറ്റുമെങ്കിൽ ജീവിക്കാനൊരിറ്റ് നീര് ആരെങ്കിലും തരൂ...

(കൈ കൂപ്പി like crying)

Boy:ഈ കൂടൊന്ന് തുറക്കു...
ഞങ്ങൾക്ക് പറക്കണം... (Asking as a request)

Narrator 01:നാടിന്റെ അളവ് കോലിൽ നിന്നും തൂക്ക് കട്ടയിൽ നിന്നുമുള്ള നിന്റെ "മോചനം"
ഔദാര്യമല്ല നിന്റെ അവകാശമാണ്...

ഉയർക്കുവിൻ ക്ഷണം പറന്നു പോകുവാൻ ഋതുക്കളിൽ...

മറന്നിടല്ലേ ചുറ്റിനും വല കടുക്കചഞ്ചലം...

മറക്ക വേണ്ട നീ നിറത്തിൽ നെയ്ത സ്വപ്നവും...

നിനക്ക് പാരിൽ ബാക്കിയുണ്ട് നെഞ്ചിലെ തുടിപ്പത് ...

ഇതാണെന്റെ ശരീരം...-
ഇതാണെന്റെ രൂപം...
ഇതാണെന്റെ സ്വപ്നങ്ങൾ...
ഇതാണെന്റെ മനസ്സ്

INSTITUTE OF MEDICAL SCIENCES
UR-680 555

Ryan -എനിക്ക് ജീവിക്കണം..
എന്നോ നാടെഴുതി സംവിധാനം ചെയ്ത് പരമ്പര കൈ മാറി വന്ന ജീവിതമല്ല...

എനിക്ക് ജീവിക്കണം
TOGETHER- "ഞാൻ എഴുതുന്ന എന്റെ കഥ"

Nayana:

*സ്വപ്നങ്ങളെ കേവലമൊരു സൈസ് ചാർട്ടിലും
നിറ ചാർട്ടിലും ഒതുക്കി കളിയാക്കിയില്ലേ അവരെ?

*ഇവർക്ക് അസ്ഥിത്വം പോലും നിഷേധിച്ചില്ലേ???(Devene ചൂണ്ടി)

*അവള് നിങ്ങളോട് കരഞ്ഞ് പറഞ്ഞതല്ലേ ഒന്ന് സഹായിക്കാൻ???
(അഞ്ജനനെ ചൂണ്ടി)

*ചോദ്യം ചെയ്യലും കുറ്റപ്പെടുത്തലും മാത്രമായിരുന്നില്ലേ ഇവരുടെ ഓരോ ദിവസങ്ങളിലും...

(Pointing Edwin&Ananya)

The whole time ചുറ്റിലും തല കുനിച്ച് നിന്നാ മതി എല്ലാവരും...
നയന മെൻഷൻ ചെയ്യുന്നവര് അപ്പൊ മാത്രം ഒന്ന് തല പൊക്കുക)

ഭീരുവിന്റെ രക്ഷാമാർഗമായി കൂടി വരുന്ന ആത്മഹത്യകൾ എഴുതി തള്ളപ്പെടുമ്പോൾ എന്നെങ്കിലും ഒരു തിരിഞ്ഞു നോട്ടമാവാം...

ശരീരം പോലെ തന്നെ വ്യത്യസ്തമാണ് മനസിന്റെ പ്രവർത്തികളും...
പല മാനസിക രോഗങ്ങളും,ജീവിത സാഹചര്യങ്ങളും, ആത്മഹത്യ എന്ന അവരുടെ തീരുമാനത്തിലേക്കുള്ള ദൂരം കുറയ്ക്കുമ്പോൾ...

"Let's just lend a helping hand...
Let's leave them live the way they are...
Let's lead them back from that suicide point..."

AMALA INSTITUTE OF MEDICAL SCIENCES ★ THRISSUR-680 555 ★

Betsy
Dr. BETSY THOMAS
MD, FRCOG, DNB, MICOG
PRINCIPAL
AMALA INSTITUTE OF MEDICAL SCIENCES
AMALA NAGAR, THRISSUR-680 555